**വ്യക്തിപരമായ വിശദീകരണം**

അപകീർത്തികരമായ പരാമർശം

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണമാണ് ഞാൻ നൽകുന്നത്. ഈ സഭയിലെ മുതിർന്ന അംഗമായ ശ്രീ. എ. സി. മൊയ്തീൻ ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ എന്നെയും എന്റെ പാർട്ടിയെയുംക്കുറിച്ച് അടിസ്ഥാനരഹിതമായ ഒരു ആരോപണമുന്നയിച്ചു. എൻ.എച്ച്.എ.ഐ (നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ)-യുടെ അഡ്വക്കേറ്റ് പാനലിൽ ഞാൻ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ടായിരുന്നു ആരോപണം. എനിക്ക് ചോദിക്കാനുള്ളത്, എൻ.എച്ച്.എ.ഐ. ഉൾപ്പെടെയുള്ള ഈ രാജ്യത്തിന്റെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഏതെങ്കിലും പാർട്ടിയുടേതാണോ, ഏതെങ്കിലും പാർട്ടിയിൽപ്പെട്ടവർ മാത്രമാണോ ആ പാനലിലുള്ളത്, രാഷ്ട്രീയാടിസ്ഥാനത്തിലാണോ അപ്പോയ്മെന്റ് വന്നത്? അല്ല എന്നാണ് ഉത്തരം. 67 പേരെ അപ്പോയ്ന്റ് ചെയ്തതിൽ സി.പി.ഐ., സി.പി.ഐ.(എം.)-കാർ എത്രപേരുണ്ട്? അതിൽ പന്ത്രണ്ടോളം ഇടതുപക്ഷക്കാരുണ്ട്. മധു

വധക്കേസിൽ ഈ ഗവൺമെന്റ് അപ്പോയ്ന്റ് ചെയ്ത സ്പെഷ്യൽ പ്രോസിക്യൂട്ടർ ഉൾപ്പെടെ അതിലുണ്ട്. രണ്ട് മുൻ ഗവൺമെന്റ് പ്ലീഡർമാരുമുണ്ട്. ഏതെങ്കിലുമൊരു deal-ന്റെ അടിസ്ഥാനത്തിലാണോ അവർ വന്നിരിക്കുന്നത്? അഭിഭാഷകൻ എന്നുള്ള നിലയിൽ അവരുടെ അവകാശമാണത്. പത്രപരസ്യത്തിലൂടെ ആപ്ലിക്കേഷൻ ക്ഷണിച്ച് മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് അപ്പോയ്ന്റ് ചെയ്യുന്നത്. 2022 സെപ്റ്റംബർ 8, അതായത് ഞാൻ എം.എൽ.എ. ആകുന്നതിനും ഒരു വർഷം മുമ്പാണ് ആപ്ലിക്കേഷൻ കൊടുത്ത് അവരുടെ ഉദ്യോഗസ്ഥരുമായി സംസാരിച്ചാണ് എന്നെ അപ്പോയ്ന്റ് ചെയ്തത്. എന്റെ firm-ന്റെ പേരിലാണ് ആപ്ലിക്കേഷൻ കൊടുത്തതെങ്കിലും അപ്പോയ്ന്റ് ചെയ്തത് എന്നെയായിരുന്നു. എന്നാൽ ഞാൻ എന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി ശ്രീ. രാഹുൽ ഗാന്ധിയുമായി ഭാരത് ജോഡോ യാത്ര നടത്തിയ സാഹചര്യത്തിൽ എനിക്ക് ഒരു കേസിൽ പോലും appear ചെയ്യാൻ സാധിച്ചിട്ടില്ല. എന്റെ സഹപ്രവർത്തകരാണ് എനിക്കുവേണ്ടി ഹാജരായത്. അതിനുവേണ്ടി ഒരു രൂപപോലും ഞാനിതുവരെ വാങ്ങിയിട്ടുമില്ല. എൻ.എച്ച്.എ.ഐ. ആലപ്പുഴ

ജില്ലയ്ക്കുവേണ്ടി മാത്രമുള്ള അഭിഭാഷക പാനലിലേക്കാണ് എന്നെ തിരഞ്ഞെടുത്തത്. 2024-ൽ റീഅപ്പോയ്ന്റ് നടന്നപ്പോൾ ഞാൻ ആപ്ലിക്കേഷൻ കൊടുക്കാതെ തന്നെ എന്നോട് ചോദിക്കാതെ എന്നെ അപ്പോയ്ന്റ് ചെയ്തു, ഞാൻ ഒന്നും പറഞ്ഞില്ല. പക്ഷെ അപ്പോഴത് വിവാദമായി. ഒരു ചാനൽ വലിയ വാർത്ത വന്നു. അപ്പോൾതന്നെ ലിസ്റ്റ് മരവിപ്പിച്ചു. അതിന്റെ അടുത്ത ദിവസം എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥൻ എന്നെ വിളിച്ചു പറഞ്ഞു അങ്ങ് രാജിവയ്ക്കണമെന്ന്.  "സാധ്യമല്ല, ഞാൻ ആവശ്യപ്പെട്ടിട്ടല്ല നിങ്ങൾ എന്നെ അപ്പോയ്ന്റ് ചെയ്തത്, റീ-അപ്പോയ്ന്റ് ചെയ്തിട്ട് ഞാൻ രാജിവയ്ക്കേണ്ട കാര്യമില്ല, നിങ്ങൾ പുറത്താക്കിക്കോളൂ" എന്ന് ഞാൻ അവരോട് പറഞ്ഞു. അടുത്ത ദിവസം എൻ.എച്ച്.എ.ഐ. പാനലിൽനിന്നും എന്നെ പുറത്താക്കി. അപ്പോഴാണ് ഇതിൽ രാഷ്ട്രീയം കടന്നുവന്നത്. എന്റെ രാഷ്ട്രീയ വിശ്വാസമനുസരിച്ച് ഞാൻ ജീവിക്കുന്നതുകൊണ്ട് എന്നെ എൻ.എച്ച്.എ.ഐ. പാനലിൽനിന്നും പുറത്താക്കി. അപ്പോഴാണ് രാഷ്ട്രീയം കടന്നുവന്നത്. ഈ സഭയിൽ ഒരു അംഗത്തിന്റെ അവകാശം കവർന്നെടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് അതിനെ ദുർവ്യാഖ്യാനം ചെയ്ത് കേരളത്തിലെ  ജനങ്ങളെ

തെറ്റിദ്ധരിപ്പിച്ച മുതിർന്ന അംഗം തെറ്റ് തിരുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.